# Malayala Manorama

## 29 August 2018

## Thiruvananthapuram, After Flood, Rescue Operation, Fishing Boats



### രക്ഷാപ്രവർത്തനം: തകർന്ന മത്സ്യബന്ധന ബോട്ടുകൾ 459

### നഷ്ടം 2.75 കോടി

തിരുവനന്തപുരം● പ്രളയ രക്ഷാദൗത്യത്തിൽ പങ്കെടുത്ത മത്സ്യത്തൊഴിലാളികളുടെ ബോട്ടുകൾക്ക് 2.75 കോടി രൂപയുടെ നാശനഷ്ടം. പങ്കെടുത്ത 70% ബോട്ടുകൾക്കും കേടുപാടുണ്ടായെന്നാണു ഫിഷറീസ് വകുപ്പിന്റെ വിലയിരുത്തൽ.

669 ബോട്ടുകളിൽ 459 എണ്ണത്തിനു സാരമായ കേടുപറ്റി. ഏഴെണ്ണം പാടേ തകർന്നു. മതിലിലും മരത്തിലുമൊക്കെ ഇടിച്ചാണു കേടുപാടുണ്ടായത്. പൂർണമായി തകർന്നവയുടെ മതിപ്പുവില ഉൾപ്പെടെ ചേർത്താണു നഷ്ടം കണക്കാക്കിയത്.

അതതു ബോട്ട് യാർഡുകൾ വഴി അറ്റകുറ്റപ്പണിനടത്തുന്നതിനു കലക്ടർമാരെ ചുമതലപ്പെടുത്തി. യാർഡിൽ ഇതിനുള്ള ക്രമീകരണം ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടറുടെ ചുമതലയായിരിക്കും. ബില്ലുകൾ ഫിഷറീസ് വകുപ്പു സാക്ഷ്യപ്പെടുത്തി കലക്ടർമാർക്കു നൽകും. കലക്ടർ ബോട്ട് യാർഡിന്റെ ഉടമയുടെ അക്കൗണ്ടിലേക്കു പണം കൈമാറും.

ബോട്ട് അറ്റകുറ്റപ്പണി ഉടൻ ആരംഭിക്കാൻ സർക്കാർ കർശന നിർദേശം നൽകി. ബോട്ടുകൾ തകർന്നതിനാൽ പലർക്കും ഇതുവരെ കടലിൽ പോകാൻ കഴിഞ്ഞിട്ടില്ല. പൂർണമായും തകർന്നവയ്ക്കു പകരം പുതിയ ബോട്ട് നൽകുമോയെന്നു തീരുമാനിച്ചിട്ടില്ല.

2800 മത്സ്യത്തൊഴിലാളികൾ ചേർന്നു രക്ഷപ്പെടുത്തിയത് 65,000 പേരെയാണ്.